സത്യം വദ

# KERALA VELLALA MAHA SABHA കേരള വെള്ളാള മഹാസഭ

(Incorporated under Section 28 of Travancore Companies Act Reg. No. 1/1959)

Head Office : 11/303, Thottamon, P.B. No. 9, Ranni Post, Pathanamthitta, Kerala - 689 672. Phone : 0473-5227571
Regional Office : 1st Floor, Jayabharatham Buildings, Opp. Secretariate, Statue, Trivandrum - 695 001
www.kvms.info.com e-mail : generalsecretarykvms@gmail.com

ധർമ്മം ചര

*Date : 01-11-2017*

മാന്യരേ,

2017 ഡിസംബർ 10 ന് കൊല്ലം പുനലൂർ സ്വയംവരാ ആഡിറ്റോറിയത്തിൽ കേരള വെള്ളാള മഹാസഭയുടെ വാർഷിക പൊതുയോഗവും, സംസ്ഥാന പ്രതിനിധി സമ്മേളനവും നടത്തപ്പെടുകയാണ്.

കേരളത്തിൽ ന്യൂനപക്ഷമായ വെള്ളാള സമുദായം രാജഭരണകാലത്ത് വ്യക്തിപരമായ മികവുകൾ കൊണ്ട് അധികാരത്തിന്റെ ഉത്തുംഗ ശൃംഗങ്ങളിൽ വിരാജിച്ച് ഭരണത്തിന്റെ സമസ്തമേഖലകളുടെയും കടിഞ്ഞാൺ തങ്ങളുടെ കൈകളിൽ ഭദ്രമായി നിലനിർത്തി പ്രജാക്ഷേമ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി, രാജാവിന്റെയും പ്രജകളുടെയും പ്രീതിയും പ്രശംസയും പിടിച്ചുപറ്റിയിരുന്നു. എന്നാൽ ജനാധിപത്യ ഭരണത്തിൽ വോട്ടിന്റെയും സമ്മർദ്ദ തന്ത്രത്തിന്റെയും പിൻബലത്തിൽ ഇതര സമുദായങ്ങൾ പണവും പദവിയും കൈപ്പിടിയിലൊതുക്കിയപ്പോൾ താൻപോരിമയും, ആത്മാഭിമാനവും മുറുകെ പിടിച്ചിരുന്ന നാം നിഷ്കരുണം പിന്തള്ളപ്പെട്ടു. കൂനിന്മേൽ കുരുവെന്ന പോലെ ആതിഥ്യമര്യാദയ്ക്കും, ആഡംബരഭ്രമത്തിനും അടിപ്പെട്ട നാം, സാമ്പത്തികമായി കൂപ്പുകുത്തുകയും ചെയ്തു. അങ്ങനെ ഭൂരിപക്ഷം വെള്ളാളരും പിന്നോക്കാവസ്ഥയിലേയ്ക്ക് വഴുതിവീണു.

ഭരിച്ചിരുന്നവർ ഭരിക്കപ്പെടുന്നവരായപ്പോൾ നിരാശരാകുന്നത് തികച്ചും സ്വാഭാവികം. ഏത് ദുരിതാവസ്ഥയിലും തങ്ങളുടെ ഉജ്ജ്വലപാരമ്പര്യത്തിലും പൈതൃകത്തിലും ഊറ്റം കൊണ്ടിരുന്ന നാം, അതിനെ മുറുകെപിടിച്ച് ആചാരാനുഷ്ഠാനങ്ങൾക്ക് മുഖ്യസ്ഥാനം നൽകിയപ്പോൾ വീണ്ടും നമ്മുടെ സ്ഥിതി ദുഷ്കരമായി. പൊതുവേ ഈശ്വര വിശ്വാസികളായിരുന്ന നാം മുമ്പ് നമ്മുടെ വാസസ്ഥാനങ്ങളുടെ സമീപത്ത് ഉണ്ടാക്കിയ നമ്മുടെ ദേവാലയങ്ങൾ നോക്കിനിൽക്കെ അന്യസമുദായങ്ങൾ കൈക്കലാക്കി.

ഈ ദുസ്ഥിതിയിലാണ് ആറ് ദശകങ്ങൾക്ക് മുമ്പ് നാം വെള്ളാളരുടെ ഉന്നമനത്തിനായി കേരള വെള്ളാള മഹാസഭ എന്ന മഹാപ്രസ്ഥാനത്തിന് രൂപം നൽകിയത്. കഴിഞ്ഞകാല പ്രവർത്തനങ്ങൾ കൊണ്ട് കൂട്ടായ്മയും പരസ്പര സഹകരണവും ഉറപ്പാക്കി കേരളത്തിലുടനീളം സമുദായപ്രവർത്തനം വ്യാപിപ്പിക്കുവാൻ മഹാസഭയ്ക്ക് കഴിഞ്ഞു. സംഘടനാ പ്രവർത്തനം എത്താത്ത മേഖലകളിൽ കൂടുതൽ ശ്രദ്ധ പതിപ്പിക്കേണ്ടതിന്റെ ആവശ്യകതയിൽ മഹാസഭ ഊന്നൽ നൽകി പ്രവർത്തിച്ചുവരുന്നു. നാളിതുവരെയുള്ള പ്രവർത്തനങ്ങളിൽ എന്തെങ്കിലും തരത്തിലുള്ള പോരായ്മകൾ ഉണ്ടെങ്കിൽ ആയവ പരിഹരിച്ച്, വരുംതലമുറയുടെ വിദ്യാഭ്യാസത്തിന് വേണ്ടുന്ന പ്രോത്സാഹനം നൽകി അവരെ സമൂഹം ശ്രദ്ധിക്കുന്ന സാഹചര്യം സംജാതമാക്കുകയും, വെള്ളാളരുടെ സാമ്പത്തിക ഭദ്രത ഉറപ്പാക്കുകയും, ഉള്ള സ്ഥാപനങ്ങൾ സംരക്ഷിച്ചും, പുതിയ സംരംഭങ്ങൾ ആരംഭിച്ചും, പുത്തൻതലമുറയെ സമുദായപ്രവർത്തനങ്ങളിൽ വ്യാപൃതരാക്കിയും മുന്നേറുന്നതിനായുള്ള പ്രായോഗിക പദ്ധതികൾക്ക് മഹാസഭ രൂപം നൽകിവരികയാണ്. എല്ലാ വെള്ളാളരും ഓരോ വെള്ളാളനുവേണ്ടിയും, ഓരോ വെള്ളാളനും എല്ലാ വെള്ളാളർക്കു വേണ്ടിയും പ്രവർത്തിക്കുന്ന സാഹചര്യം ഒരുക്കലാണ് മഹാസഭയുടെ ആത്യന്തികലക്ഷ്യം.

ഈ വാർഷിക സമ്മേളനം ടി കാര്യങ്ങൾ പ്രവൃത്തിപഥത്തിലെത്തിക്കാനുള്ള തുടക്കം കുറിക്കുന്ന വേദിയാക്കാൻ നമുക്ക് ഒത്തൊരുമിച്ച് ശ്രമിക്കാം. വാർഷിക പൊതുയോഗവും പ്രതിനിധി സമ്മേളനവും സമ്പൂർണ്ണ വിജയമാക്കുന്നതിന് എല്ലാ സമുദായ അംഗങ്ങളുടെയും തന-മന-ധന സഹായങ്ങൾ പ്രതീക്ഷിക്കുകയും, അതിനായി സാദരം ക്ഷണിച്ചുകൊള്ളുകയും ചെയ്യുന്നു.

സംസ്ഥാന സമ്മേളന സ്വാഗത സംഘത്തിനുവേണ്ടി,

**എൻ. മഹേശൻ**
മഹാസഭ പ്രസിഡന്റ്
ഫോൺ : 9447211629

**മണക്കാട് ആർ. പത്മനാഭൻ**
മഹാസഭ ജനറൽ സെക്രട്ടറി
9447388006, 9495388000

**രാജീവ് തഴക്കര**
മഹാസഭ ട്രഷറർ
9495210001

**എസ്. പൊടിയൻ പിള്ള**
ചീഫ് കൺവീനർ
ഫോൺ : 9446030473

**ജെ. ശിവരാമകൃഷ്ണപിള്ള**
ചീഫ് കോ-ഓർഡിനേറ്റർ
9446032835